# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.605 30.06.2016-ൽ മറുപടിക്ക്

### ജലനിധി ഒന്നാം ഘട്ട പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, വി.എസ്.ശിവകുമാർ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, അടൂർ പ്രകാശ്: | ശ്രീ. മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. ജലനിധി ഒന്നാം ഘട്ട പദ്ധതികൾ പൂർത്തിയാക്കാൻ മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ; | എ. ജലനിധി ഒന്നാംഘട്ട പദ്ധതികൾ മുൻ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപു തന്നെ പൂർത്തീകരിച്ചു. |
| ബി. ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | ബി. ജനകീയ പങ്കാളിത്തത്തിനൊരു പുതിയ മുഖം നൽകിക്കൊണ്ട് ഗുണഭോക്താക്കളുടേയും പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടെ ശുദ്ധജലത്തിലൂടെ സാമൂഹിക വികസനം എന്ന ലക്ഷ്യം രൂപകല്പന ചെയ്ത് ലോകബാങ്ക് സഹായത്തോടെ ഗ്രാമീണ മേഖലയിൽ കേരള സർക്കാർ നടപ്പിലാക്കിയ ഒരു ആവശ്യാധിഷ്ഠിത സമ്പൂർണ്ണ ജനകീയ പദ്ധതിയാണ് ജലനിധി.<br>ശുദ്ധജലം, ശുചിത്വം, ആരോഗ്യം എന്നിവ പരസ്പര പൂരകങ്ങളായി കൂട്ടിയിണക്കിയുള്ള സമഗ്ര അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണിത്. നിലവിലുള്ള കുടിവെള്ള വിതരണ സമ്പ്രദായത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനും ഗ്രാമീണ ജനങ്ങൾക്ക് |

| | |
|---|---|
| | കൂടുതൽ മെച്ചപ്പെട്ട കുടിവെള്ള ശുചിത്വ സൗകര്യസേവനം ഉറപ്പു വരുത്തുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത്. |
| സി. ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരുന്നതെന്ന് വിശദമാക്കുമോ; | സി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ ജലവിഭവ വകുപ്പിനു കീഴിൽ 'കെ.ആർ.ഡബ്ല്യു.എസ്.എ' (Kerala Rural Water Supply and Sanitation Agency) എന്ന സ്ഥാപന ത്തിനു രൂപം കൊടുക്കുകയും, ആയതിന് സംസ്ഥാനതലത്തിലും, 9 ജില്ലാ ആസ്ഥാനങ്ങളിലും ഓഫീസുകൾ പ്രവർത്തനം നടത്തുകയും ചെയ്തു. പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വർഷാ വർഷമുള്ള കേരള സർക്കാരിന്റെ ബജറ്റിൽ വകകൊള്ളിക്കുകയും ആയത് കെ.ആർ.ഡബ്ല്യു. എസ്.എ. യ്ക്ക് സമയബന്ധിതമായി നൽകുകയും ചെയ്തു. |
| ഡി. പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ഡി. കേരളത്തിലെ 112 ഗ്രാമപഞ്ചായത്തുകളിലായി 3710 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് തുടർ നടത്തിപ്പിനായി ഗുണഭോക്താക്കൾക്ക് കൈമാറി. ഇതിലൂടെ 10.56 ലക്ഷം ഗ്രാമീണ ജനങ്ങൾക്ക് കുടിവെള്ള സൗകര്യം നൽകി. 68,023 പുതിയ കക്കൂസുകൾ നിർമ്മിച്ചു. 24,194 ഒറ്റക്കുഴി കക്കൂസുകളെ ഇരട്ടക്കുഴി ശുചിത്വ കക്കൂസുകളാക്കി, 89,319 പരിസ്ഥിതി മാനേജ്മെന്റ് യൂണിറ്റുകൾ (സോക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് മുതലായവ) 68.36 കി.മി അഴുക്കുചാൽ, 13,304 മഴവെള്ള സംഭരണികൾ എന്നിവ നിർമ്മിച്ചു നൽകി. |

സെക്ഷൻ ഓഫീസർ